പ്രകാശവചനം ● **അബൂദർറ് എടയൂർ**

# അക്രമം അന്ത്യനാളിലെ അന്ധകാരങ്ങൾ

**عَنْ أَبِي هُرَيْرَةَ، رَضِيَ اللَّهُ عَنْهُ أَنَّ رَسُولَ اللَّه ﷺ، قَالَ: "أَتَدْرُونَ مَا الْمُفْلس؟ قَالُوا: الْمُفْلسُ فِينَا مَنْ لادِرْهَمَ لَهُ وَلاَ مَتَاعَ، فَقَالَ: إنَّ الْمُفْلسَ مِنْ أُمَّتي يَأْتِي يَوْمَ الْقِيَامَة بِصَلاَةَ، وَصيَامٍ، وَزَكَاة، وَيَأْتِي قَدْ شَتَمَ هَذَا، وَقَذَفَ هَذَا، وَأَكَلَ مَالَ هَذَا، وَسَفَكَ دَمَ هَذَا، وَضَرَبَ هَذَا، فَيُعْطَى هَذَا مِنْ حَسَنَاته، فَإِنْ فَنِيَتْ حَسَنَاتُهُ قَبْلَ أَنْ يُقْضَى مَا عَلَيْهِ أُخِذَ مِنْ خَطَايَاهُمْ فَطُرِحَتْ عَلَيْهِ، ثُمَّ طُرِحَ فِي النَّار**

അബൂഹുറയ്‌റ(റ)യിൽ നിന്ന് നിവേദനം. നബി(സ)ചോദിച്ചു: പാപ്പരായവൻ ആരാണെന്ന് നിങ്ങൾക്കറിയാമോ? അവർ (സ്വഹാബികൾ) പറഞ്ഞു: സമ്പത്തും ജീവിതവിഭവങ്ങളുമില്ലാത്തവനാണ് ഞങ്ങളുടെ കൂട്ടത്തിൽ പാപ്പരായവൻ. തദവസരത്തിൽ നബി(സ) പറഞ്ഞു: എന്റെ സമുദായത്തിലെ പാപ്പരായവൻ അന്ത്യനാളിൽ നമസ്കാരം, നോമ്പ്, സകാത്ത് എന്നിവയുമായി വരുന്നവനാണ്; പക്ഷേ അവൻ ഒരാളെ ചീത്തപറഞ്ഞിട്ടുണ്ട്. ഒരാളെ കുറിച്ച് ദുരാരോപണം ഉന്നയിച്ചിട്ടുണ്ട്. ഒരാളുടെ ധനം അപഹരിച്ചിട്ടുണ്ട്. ഒരാളെ അടിച്ചിട്ടുണ്ട് (ഈ നിലയിലാണ് അവൻ മഹ്ശറിൽ വരുന്നത്). അന്നേരം അക്രമത്തിന്നിരയായ ഓരോരുത്തർക്കും അയാളുടെ നന്മകളിൽനിന്ന് അർഹമായത് നൽകപ്പെടും. അവകാശങ്ങൾ മുഴുവൻ കൊടുത്തുവീട്ടും മുമ്പ് അയാളുടെ നന്മകൾ തീർന്നുപോയാൽ അവരുടെ (മർദ്ദിതരുടെ) പാപങ്ങൾ എടുത്ത് അയാളുടെ മേൽ ചുമത്തപ്പെടും. അന്നേരം അവൻ നരകത്തിൽ എറിയപ്പെടും (മുസ്‌ലിം).

**വാ**ക്ക്, പ്രവൃത്തി, സമ്പത്ത്, അധികാരം, സ്വാധീനം മുതലായവയിലൂടെ ആരെയും അന്യായമായി ദ്രോഹിക്കരുതെന്ന് ഇസ്‌ലാം ആവശ്യപ്പെടുന്നു. അത് സ്രഷ്ടാവിനെയും സൃഷ്ടികളെയും നമ്മുടെ ശത്രുക്കളാക്കും. പ്രവാചകൻ വ്യക്തമാക്കിയതുപോലെ അക്രമം അന്ത്യനാളിലെ അന്ധകാരങ്ങളായി മാറും (ബുഖാരി).

നമ്മുടെ അക്രമങ്ങളും നീതിരഹിതമായ പെരുമാറ്റങ്ങളും ഇഹത്തിലും പരത്തിലും നമുക്ക് ദോഷകരമായേക്കാം. പ്രവാചകൻ പറഞ്ഞു: മർദ്ദിതന്റെ പ്രാർഥന നീ സൂക്ഷിക്കുക. കാരണം അതിന്റെയും അല്ലാഹുവിന്റെയും ഇടയിൽ യാതൊരു മറയുമില്ല (ബുഖാരി).

ബുഖാരി ഉദ്ധരിച്ച ഒരു സംഭവം നോക്കൂ. സഅ്ദുബ്നു അബീവഖാസ്(റ) കൂഫയിലെ ഗവർണറായിരിക്കെ നാട്ടുകാരിൽ ചിലർ അദ്ദേഹത്തെ സംബന്ധിച്ച് ഖലീഫയായ ഉമറി(റ)നോട് പരാതിപ്പെട്ടു. അദ്ദേഹം സഅ്ദിനെ വിളിച്ചുവരുത്തി കാര്യങ്ങൾ അന്വേഷിച്ചു. അദ്ദേഹത്തിന്റെ നിരപരാധിത്വം ഉമറിന് ബോധ്യമായി. എങ്കിലും സൂക്ഷ്മാന്വേഷണത്തിന് വേണ്ടി സഅ്ദിന്റെ കൂടെ ഒരു കമ്മീഷനെ കൂഫയിലേക്കയച്ചു. കമ്മീഷൻ ഓരോ പള്ളിയിലും ചെന്ന് ജനങ്ങളോട് സഅ്ദിനെ കുറിച്ച് അന്വേഷിച്ചു. എല്ലാവരും അദ്ദേഹത്തെ പ്രശംസിക്കുകയാണ് ചെയ്തത്. അവസാനം അബ്സ് ഗോത്രക്കാരുടെ ഒരു പള്ളിയിൽ അന്വേഷണം നടത്തിയപ്പോൾ ഉസാമ എന്ന് പേരുള്ള ഒരാൾ എഴുന്നേറ്റ് പറഞ്ഞു: താങ്കൾ ചോദിച്ചത് കൊണ്ട് ഞാൻ പറയട്ടെ; സഅ്ദ് ഒരു സൈന്യത്തോടും സഹചരിക്കുകയില്ല, അവകാശങ്ങൾ തുല്യമായി വീതിക്കുകയില്ല, വിധിയിൽ നീതി പാലിക്കാറുമില്ല.

തികച്ചും സത്യവിരുദ്ധമായ ഈ ആരോപണങ്ങൾ സഅ്ദിനെ നടുക്കി. വ്രണിതനായ അദ്ദേഹം അന്നേരം പ്രാർഥിച്ചു: അല്ലാഹുവേ, നിന്റെ ഈ ദാസൻ (ആരോപകൻ) പ്രശസ്തിക്കുവേണ്ടി കള്ളം പറഞ്ഞവനാണെങ്കിൽ അവന്റെ ആയുസ്സ് നീ നീട്ടിക്കൊടുക്കേണമേ. അതോടൊപ്പം അവന്റെ ദാരിദ്ര്യവും നീട്ടിക്കൊടുക്കേണമേ. അവനെ വിപത്തുകൾക്ക് വിധേയനാക്കുകയും ചെയ്യേണമേ.

സഅ്ദിന്റെ പ്രാർഥന സഫലമായി. ഉസാമ പടുവൃദ്ധനായി. ദാരിദ്ര്യം കൊണ്ട് പൊറുതിമുട്ടി. പലവിധ വിപത്തുകൾക്കും വിധേയനായി. വിവരമന്വേഷിക്കുന്നവരോട് ഒന്ന് മാത്രമേ അദ്ദേഹത്തിന് പറയാനുണ്ടായിരുന്നുള്ളൂ: 'ആപത്തിലകപ്പെട്ട പടുവൃദ്ധനാണ് ഞാൻ. സഅ്ദിന്റെ പ്രാർഥന എന്നെ ഗ്രസിച്ചിരിക്കുന്നു.' സഈദുബ്നു സൈദ് എന്ന സ്വഹാബി തന്റെ സ്ഥലം പിടിച്ചടക്കി എന്ന് ആരോപിച്ച് അർവ എന്ന സ്ത്രീ മർവാനുബ്നുൽ ഹകമിന്റെ മുന്നിൽ പരാതിയുമായി എത്തിയപ്പോൾ, സഈദ് നടത്തിയ പ്രാർഥനയുടെ ഫലമായി ആ സ്ത്രീയുടെ കാഴ്ച ശക്തി നഷ്ടപ്പെടുകയും ഒരു കുഴിയിൽ വീണ് മരണപ്പെടുകയും ചെയ്ത സംഭവം മുസ്‌ലിം ഉദ്ധരിക്കുന്നുണ്ട്. അനീതിക്കും അക്രമത്തിനും ഇഹലോകത്ത് ലഭിക്കാവുന്ന ശിക്ഷകളുടെ സാമ്പിൾ മാത്രമാണിവ. എന്നാൽ, പരലോകത്തെ ശിക്ഷ ഇതിനേക്കാൾ കഠിനമായിരിക്കുമെന്ന് മുകളിൽ ഉദ്ധരിച്ച ഹദീസിൽനിന്ന് വ്യക്തമാകുന്നു. ഏഷണി, പരദൂഷണം, പരിഹാസം, ദുരാരോപണം, ശാരീരിക പീഡനങ്ങൾ, സാമ്പത്തിക തട്ടിപ്പുകൾ തുടങ്ങിയവയിലൂടെ മറ്റുള്ളവരെ ദ്രോഹിക്കുമ്പോൾ സ്വന്തം നാശത്തിലേക്കുള്ള വാതിലുകളാണ് തുറന്നിടുന്നതെന്ന് ഈ ഹദീസ് നമ്മെ ഉദ്ബോധിപ്പിക്കുന്നു. ■